പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.266 | 27.02.2017 ൽ മറുപടി നല്കേണ്ടത്. |
|---|---|

**കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. കെ. രാമചന്ദ്രൻനായർ** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് എന്നിവയുടെ പ്രവർത്തനം ആരംഭിക്കുവാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) & ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി കേരളത്തിലെ വിവിധ ആശുപത്രികളിൽ ഡയാലിസിസ് സേവനം ലഭ്യമാക്കുന്ന പദ്ധതിയുടെ നടത്തിപ്പ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഡയാലിസിസ് യൂണിറ്റ് നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റി തയ്യാറാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ ജൂലൈമാസത്തോടുകൂടി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കാത്ത് ലാബ് പദ്ധതിയിൽ ഈ ആശുപത്രി ഉൾപ്പെട്ടിട്ടില്ല. |
| ബി) | പ്രസ്തുത ആശുപത്രിയിൽ കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ